

QUOTES OF DAYS

MAR 22

പരാജയം നിങ്ങളെ മറികടക്കാൻ അനുവദിക്കുകയാണെങ്കിൽ, നിങ്ങൾ ഒരിക്കലും നിങ്ങളുടെ ലക്ഷ്യങ്ങൾ നിറവേറ്റുകയില്ല


ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

22 MARCH 2024 | VOL 03 | ISSUE 081 | 780


# ഫ്രാൻസിൽ ദയാവധവും നിയമ വിധേയമായേക്കും







പാരിസ്: പ്രത്യേക സാഹചര്യങ്ങളിൽ മരണത്തിന് സഹായിക്കാൻ അനുമതി നൽകുന്ന നിയമം മേയ് മാസത്തിൽ പാർലമെന്റിൽ അവതരിപ്പിച്ചേക്കുമെന്ന് ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവേൽ മക്രോൺ.

ഇതോടെ അബോർഷനുള്ള സ്വാതന്ത്ര്യം ഭരണഘടയിൽ ഉൾപ്പെടുത്തുന്ന ആദ്യ രാജ്യമായി മാറിയതിന് പിന്നാലെ ദയാവധവും നിയമവിധേയമാക്കാനൊരുങ്ങുകയാണ് ഫ്രാൻസ്. ‘‘ഒരു വ്യക്തിയുടെ വ്യക്തിസ്വാതന്ത്ര്യത്തെയും രാജ്യത്തിന്റെ ഐക്യദാർഢ്യത്തെയും സമന്വയിപ്പിക്കുന്ന സാഹോദര്യത്തിന്റെ നിയമമാണിത്.ഈ നിയമം വ്യക്തികൾക്ക് ചില കർശന വ്യവസ്ഥകളിൽ മരിക്കുന്നതിനുള്ള സഹായം തേടാനുള്ള സാധ്യത തുറക്കുന്നു’’ മക്രോൺ പുതിയ നിയമത്തെ കുറിച്ച് മാധ്യമങ്ങളോട് പ്രതികരിച്ചു.

എന്നാൽ ഫ്രഞ്ച് സർക്കാരിന്റെ ദയാവധത്തിനുള്ള തീരുമാനത്തിനെതിരെ ശക്തമായ പ്രതിഷേധവുമായി രാജ്യത്തെ ക്രിസ്തീയ സുവിശേഷകർ ഒന്നടങ്കം രംഗത്തെത്തി. ‘‘ഇത്തരമൊരു നിയമം ആരോഗ്യ മേഖലയെ മരണോന്മുഖമാക്കി മാറ്റും. ദയാവധത്തിനും ആത്മഹത്യക്ക് സഹായം നൽകുന്നതിനും അനുമതി നൽകുന്ന നിയമത്തെ സാഹോദര്യത്തിന്റെ നിയമം എന്ന് വിശേഷിപ്പിക്കുന്നത് ജനങ്ങളെ കബളിപ്പിക്കലാണ്’’ വിഷയത്തിൽ റ്റെയിൻസ് ആർച്ച് ബിഷപ് എറിക് ഡി മൗലിൻസ് ബ്യൂഫോർട്ട് പ്രതികരിച്ചു.

മരിക്കാൻ നൽകുന്ന സഹായം സാഹോദര്യത്തിന്റെ പ്രകടനമായി കാണാനാവില്ലെന്നും ദുർബലമായിരിക്കുന്ന അവസ്ഥയിലും അന്ത്യത്തോളം കൂടെയായിരിക്കുന്നതാണ് സാഹോദര്യമെന്നും ടൂർസ് ആർച്ചു ബിഷപ് വിൻസെൻ ജോർഡി പ്രതികരിച്ചു. പ്രത്യാശ നഷ്ടപ്പെട്ട അവസ്ഥയിൽ കഴിയുന്ന സമൂഹത്തെ കൂടുതൽ ഡിപ്രഷനിലേക്ക് തള്ളിവിടാൻ മാത്രമേ ഈ നിയമനിർമാണം ഉപകരിക്കുകയുള്ളൂവെന്ന് ലില്ലെ ആർച്ച് ബിഷപ് ലോറന്റ് ലെ ബൗൾ പറഞ്ഞു.

CARTOON:



One message you never want to receive from God is, 'I told you so'!

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
22 MARCH 2024
VOL 03 | ISSUE 081 | 780

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്

## വാഗ്ദത്ത വചനം

**മാർച്ച് 22**

അവൻ നിന്റെ വാതിലുകളുടെ ഓടാമ്പലുകളെ ഉറപ്പിച്ചു; നിന്റെ അകത്തു നിന്റെ മക്കളെ; അനുഗ്രഹിച്ചിരിക്കുന്നു'. (സങ്കീ 147:13)

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

എഡിറ്റോറിയൽ

# നിലപാടുകൾ വേണം



ഷാജൻ പാറക്കടവിൽ

ഭാരതം മറ്റൊരു ജനവിധിക്കായുള്ള അണിയറ നീക്കങ്ങളും ആളൊരുക്കങ്ങളും തുടങ്ങി. എല്ലാ പ്രമുഖ പാർട്ടികളും തങ്ങളുടെ പ്രതിനിധികളെ ജനവിധിക്കായി അവതരിപ്പിച്ചു കഴിഞ്ഞു. സ്ഥാനാർത്ഥി മോഹം പൂവണിയുവാൻ കഴിയാതെ വന്ന പഴയ പ്രതാപശാലികളും പുതിയ സ്ഥാനാർത്ഥി മോഹികളും പുതിയ കണ്ടം വെട്ടിപ്പിടിക്കുകയും മറുകണ്ടം ചാടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പെരുമാറ്റച്ചട്ടം നിലവിൽ വന്നെങ്കിലും അതിന്റെ ലംഘനങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായി നടക്കുമ്പോൾ പരാതികളും പരിഭവവും ഒപ്പം ആരോപണങ്ങളും പ്രത്യാരോപണങ്ങളും എല്ലാ കൂട്ടരും ഒരുപോലെ ഉന്നയിക്കുകയും, സാന്ത്വന സന്ദേശങ്ങളും സമാശ്വാസ ഗീതങ്ങളും പാടി അരമനകൾ സന്ദർശിച്ച് അൾത്താരകൾ ചുംബിച്ച് പൊന്നുംകുരിശും മുത്തുക്കുടയും സമർപ്പിച്ചും കാഴ്ച ദ്രവ്യങ്ങളും മറ്റു ബലിവസ്തുക്കൾ നട ഇരുത്തിയും തോളിൽ കയ്യിട്ടും കുശലപ്രശ്നം പറഞ്ഞും അകത്തളങ്ങളിലും അടുക്കളയിലും പോലും കയറിയിറങ്ങി ഉണ്ടും ഊട്ടിയും സ്ഥാനാർത്ഥികളുടെ ഒന്നാം വട്ട പര്യടനം തകൃതിയായി മുന്നേറുന്നു. ബഹുജന കൺവെൻഷനുകളും പദയാത്രകളും റോഡ് ഷോയും ഒക്കെ നടത്തി ഭരണസിരാകേന്ദ്രങ്ങളിലെ പ്രമുഖരും ഒപ്പം പരമാധികാരികൾ വരെ സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും പരിഗണനയുടെയും സമവാക്യങ്ങൾ രചിച്ച് സ്വന്തം ചേരിയിൽ അംഗബലം ഉറപ്പിക്കാനുള്ള ശ്രമം നടത്തുന്നു. ചുരുക്കത്തിൽ തെരഞ്ഞെടുപ്പ് മാമാങ്കം പുതിയ പൂരക്കാഴ്ച ഒരുക്കി മുന്നേറിക്കൊണ്ടിരിക്കുന്നു.

എല്ലാ പാർട്ടികളും തങ്ങളുടെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ ജാതിമത വർഗ്ഗ വർണ്ണ സമവാക്യങ്ങളെ മുൻനിർത്തിയും അടിസ്ഥാനപരമായി പ്രബലമായി വിഭാഗങ്ങൾ എവിടെയാണോ അവരെ സ്വാധീനിക്കാൻ ആ വിഭാഗത്തിൽ നിന്നും സ്ഥാനാർത്ഥികളെ നിർത്തിയും രംഗം കൊഴുപ്പിക്കുന്നു. മതേതരകക്ഷികളെന്നു അഭിപ്രായപ്പെടുന്നവരും സമത്വത്തിന്റെയും ബഹുസ്വരതയുടെയും ആപ്തവാക്യങ്ങൾ അവകാശപ്പെടുന്നവർ പോലും ഈ സമവാക്യങ്ങൾ സ്ഥാനാർത്ഥി നിർണ്ണയത്തിലും നടത്തിയിട്ടുണ്ടെന്ന് ഉള്ളത് അടിസ്ഥാനപരമായി നിഷേധിക്കാനാവാത്ത വസ്തുതയാണ്. ഈ വസ്തുത നിലനിൽക്കുകയാണ് നമ്മൾ പൊതു തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്.

ഏതു തെരഞ്ഞെടുപ്പിലും ഈ സമവാക്യങ്ങളുടെ അടിസ്ഥാനത്തിലാണ് നിർണ്ണയങ്ങൾ നടക്കുന്നു എന്നതിനാൽ പ്രമുഖ രാഷ്ട്രീയ നേതൃത്വങ്ങളെ പെന്തക്കോസ്ത് വിശ്വാസപ്രമാണങ്ങളിൽ ജീവിക്കുന്നവരുടെ അംഗബലം കൃത്യമായി ബോധിപ്പിക്കേണ്ട സമയം കൂടി ആണെന്നുള്ള കാര്യം നമ്മുടെ നേതൃത്വങ്ങൾ മറന്നുപോകുന്നു. കേരളത്തിലെ പ്രബല സമൂഹമാണ് പെന്തക്കോസ്ത് വിശ്വാസികൾ എന്ന് പ്രത്യക്ഷമായി അല്ലെങ്കിൽ പോലും പരോക്ഷമായി എല്ലാവരും അംഗീകരിച്ച വസ്തുത നിലനിൽക്കെ അത് കൃത്യസമയങ്ങളിൽ യഥാവിധി ബോധിപ്പിക്കേണ്ടവരെ ബോധിപ്പിക്കുവാനുള്ള ബാധ്യത നമുക്കുണ്ട്. പല നിയോജക മണ്ഡലങ്ങളിലും നിർണായക ശക്തിയാണ് നമ്മളെന്നു രാഷ്ട്രീയവൃന്ദങ്ങൾ മൗനമായെങ്കിലും സമ്മതിക്കുന്ന കാര്യമാണ്. അത് പ്രത്യേകിച്ച് മധ്യകേരളത്തിൽ. ഈ വസ്തുത നിലനിൽക്കെ നമ്മളെന്ന വോട്ട് ബാങ്കിനെ പരിഗണിക്കാതെ മുൻപോട്ടു പോകാൻ ആവില്ല എന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളെയും കൊണ്ട് അംഗീകരിക്കുകയും അർഹമായ പിന്തുണ നേടിയെടുക്കയും വേണം.

ആരും ചോദിക്കാനും പറയാനുമില്ലാത്ത അസംഘടിത സമൂഹമാണ് നമ്മൾ എന്ന പൊതു ധാരണയാൽ ആർക്കും കയറിക്കൊട്ടാനുള്ള ചെണ്ടയായി നമ്മൾ മാറിക്കഴിഞ്ഞു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിരന്തരം പീഡിപ്പിക്കപ്പെടുന്ന സമൂഹമായി നമ്മൾ മാറിയെങ്കിൽ ദക്ഷിണേന്ത്യയിലെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസം ഉണ്ടായ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് നീതി നിഷേധിക്കപ്പെട്ട പെന്തക്കോസ് സമൂഹങ്ങൾ തെരുവിൽ നീതിക്കായി നിലവിളിക്കേണ്ട അവസ്ഥയുണ്ടായി എന്നുള്ളത് ഏറെ പരിതാപകരമായ അവസ്ഥയാണ്. അതുകൊണ്ടുതന്നെ ഈ തെരഞ്ഞെടുപ്പിൽ നമ്മുടെ നിലപാടുകൾ കൃത്യമായി ബോധിപ്പിക്കേണ്ടവരെ ബോധിപ്പിക്കുവാൻ സഭാ നേതൃത്വം തയ്യാറാകുകയും അല്ലാത്തപക്ഷം അൽമായർ നയിക്കുന്ന സംഘടനകൾ സംഘടിതമായി രാഷ്ട്രീയ നേതൃത്വങ്ങളെ അറിയിക്കാനുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്യണം. ഭരണഘടനാപരമായ അവകാശങ്ങൾ നിവർന്ന് നിന്ന് ആസ്വദിക്കുവാൻ നമുക്ക് കഴിയണം. നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ പോലും നിഷേധിക്കപ്പെടുമ്പോൾ, അതിനായി തെരുവിൽ സംഘടിതമായി ഇറങ്ങേണ്ടിവരുന്ന ഗതികേട് ഇനിയെങ്കിലും സഭാ നേതൃത്വം നന്നായി മനസ്സിലാക്കണം. സഭാ രാഷ്ട്രീയ വേർതിരിവുകളും ചേരിതിരുവികളും സ്വന്തം കസേര ഉറപ്പിക്കാനുള്ള ആവേശവും പരവേശവും ഒക്കെ അല്പം മാറ്റിവെച്ച് പെന്തക്കോസ്ത് എന്ന പൊതുസമൂഹത്തിന്റെ നന്മയ്ക്കായി ശബ്ദിക്കുവാൻ ഇവിടുത്തെ സഭാ നേതൃത്വം തയ്യാറാകണം. നിലപാടില്ലാത്തവരല്ല പെന്തക്കോസ് സമൂഹമെന്ന് അറിയിക്കാനുള്ള ഏറ്റവും കൃത്യമായ സമയമാണ് ഇതെന്ന് അറിഞ്ഞു പ്രവർത്തിച്ചാൽ നമ്മോടൊപ്പം നിൽക്കുവാനും ചിലർ ഉണ്ടാകും. ദൈവം നമ്മോടൊപ്പം ഉണ്ട് എന്നുള്ള അടിയുറച്ച വിശ്വാസത്താൽ സംഘടിതമായ ഒരു സമഹം ഒരു വ്യവസ്ഥയുടെ കീഴിൽ നിൽക്കുമ്പോൾ നമുക്ക് ലഭിക്കേണ്ട ന്യായമായ അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് തിരിച്ചറിഞ്ഞ് ശക്തമായി പ്രതികരിക്കാൻ നമ്മൾ തയ്യാറാവണം.

നിലപാടുകളിലെ ദൈവശാസ്ത്രം മാറ്റിവെച്ച് പ്രായോഗിക പരിജ്ഞാനത്തിൽ കാര്യപ്രസക്തമായി ചിന്തിക്കുകയും നാളെകളിൽ വരാൻ പോകുന്ന പൊതു തെരഞ്ഞെടുപ്പിൽ പെന്തക്കോസ്ത് സമൂഹം ഒരു നിർണായക ശക്തിയാണെന്നും ജയപരാജയങ്ങളുടെ വിധിയെഴുത്തിനെ

നിർണായകമായി സ്വാധീനിക്കാൻ കഴിവുള്ള സമൂഹമാണെന്നും മറ്റുള്ളവരെക്കൊണ്ട് സമ്മതിപ്പിക്കുവാൻ ഈ അവസരം നാം ഉപയോഗിക്കാം. അതിന് നേതൃത്വങ്ങൾക്ക് കഴിയട്ടെ. അല്മായ സംഘടനകൾക്ക് കഴിയട്ടെ. പ്രാർത്ഥനയോടെ ഉറച്ച ദൈവവിശ്വാസത്തിൽ കഴിയുന്ന നമ്മുടെ സമൂഹത്തിന് അതിന് കഴിയട്ടെ. നമുക്കും നിലപാടുകൾ ഉള്ളവരായിരിക്കാം.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### റഷ്യ

| | | |
|---|---|---|
| തലസ്ഥാനം | : | മോസ്കോ |
| ഭാഷ | : | റഷ്യൻ |
| ജനസംഖ്യ | : | 143,957,079 |
| പ്രസിഡണ്ട് | : | വ്ലാദിമിർ വ്ലാദിമിറോവിച്ച് പുടിൻ |
| മതം | : | ക്രിസ്ത്യൻ |

റഷ്യയിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ ഐക്യത്തിൽ മുന്നേറാൻ നിങ്ങൾ പ്രാർത്ഥിക്കുമോ?

യേശുവിനോടുള്ള സ്നേഹത്തിലും സേവനത്തിലും അവർ മുന്നേറട്ടെ!

ക്രിസ്തുവിലുള്ള പ്രത്യാശ ജനം കണ്ടെത്താൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുമോ? പലരും വിവിധ

ആസക്തികളിലാണ്. ദാരിദ്ര്യം കൊണ്ട് മല്ലിടുന്നവരും ധാരാളം.

റഷ്യൻ സ്ത്രീകൾക്കായി നിങ്ങൾ പ്രാർത്ഥിക്കുമോ?

ഗർഭച്ഛിദ്രം നിർബാധം തുടരുന്നു. ലൈംഗിക അരാജകത്വവും വിവാഹേതര ബന്ധങ്ങളും ആസൂത്രിതമല്ലാത്ത ഗർഭധാരണവും സാധാരണം.

റഷ്യയിൽ യുദ്ധം വരുത്തിയ നാശനഷ്ടങ്ങൾ. അന്താരാഷ്ട്രരംഗത്തെ സംഘർഷങ്ങൾ! ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും ക്ഷമയും സത്യവും നീതിയും തേടാൻ റഷ്യക്ക് കഴിയട്ടെ. പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
22 MARCH 2024
VOL 03 | ISSUE 081 | 780

# ഇത് ലാസ്റ്റ് ബസ്സാണ്. മിസ്സ് ചെയ്താൽ നമ്മൾ വഴിയാധാരം



കെ. സി. ജോസഫ്

## മുൻ മന്ത്രി കെ. സി. ജോസഫ് ക്രിസത്യൻ ലൈവിനോട് പ്രതികരിക്കുന്നു

ഇന്ത്യയിൽ ജനാധിപത്യവും മതേതര മൂല്യങ്ങളും സംരക്ഷിക്കാനുള്ള അവസാനത്തെ അവസരമാണ് ഇത്തവണത്തെ ലോക സഭാ തെരഞ്ഞെടുപ്പ്. നാം നിർണയിക്കാൻ പോകുന്നത് ഈ രാജ്യത്തിന്റെ ഭാവിയാണ്. ഇന്ത്യൻ ഭരണഘടനയും ന്യൂനപക്ഷാവകാശങ്ങളും പൗരാവകാശങ്ങളും മോഡി ഭരണത്തിൽ ഏറ്റവും വലിയ വെല്ലുവിളികളെയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. മണിപ്പൂരിലെ കലാപത്തിൽ ആയിരക്കണക്കിനാളുകൾക്ക് അവരുടെ കിടപ്പാടവും സ്വത്തുവകകളും നഷ്ടപ്പെട്ടു. ഇരുന്നൂറ്റി നാൽപ്പത്തിയഞ്ചോളം പള്ളികൾ തകർക്കപ്പെട്ടു.അവിടെ വർഗീയ സംഘർഷങ്ങളും കലാപങ്ങളും ആളിപ്പടർന്നിട്ടും അവിടെ ഒന്നു പോകാനുള്ള സാമന്യമര്യാദപോലും കാട്ടാത്ത ഒരു പ്രധാന മന്ത്രിയാണ് നമ്മുടെ രാജ്യത്തിനുള്ളത്.



പാർലമെന്റ് ഇലക്ഷൻ പടിവാതിലിൽ

ഇന്ത്യൻ പൗരത്വത്തിന് മുമ്പൊരിക്കലും ഉണ്ടാവാത്ത രീതിയിൽ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്ക് പോലും വിരുദ്ധമായി മതം ഒരു ഘടകമായി നിർണയിച്ചുകൊണ്ടുള്ള പൗരാവകാശ നിയമം (സി എ എ) നടപ്പിലാക്കാൻ തെരഞ്ഞെടുപ്പിന് ഒരാഴ്ച മുമ്പ് കൈക്കൊണ്ട തീരുമാനം നാളെ എന്താണ് സംഭവി ക്കാൻ പോകുന്നുവെന്നതിന്റെ മറ്റൊരു മുന്നറിയിപ്പാണ്. അതുകൊണ്ടു ഈ ചുമരരെഴുത്ത് മനസ്സിലാക്കി ലോക് സഭാ തെരഞ്ഞെടുപ്പിൽ വിധിയെഴുതാൻ തയ്യാറായില്ലെങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ജനാധിപത്യ ഭാരതത്തിൽ ജീവിക്കുവാനുള്ള അവകാശം പോലും നാളെ ഉണ്ടാകുവാൻ പോകുന്നില്ലയെന്ന യാഥാർഥ്യം നാം മനസ്സിലാക്കിയാൽ നന്ന് .

ഇത് ലാസ്റ്റ് ബസ്സാണ്. ഇത് മിസ്സ് ചെയ്താൽ നമ്മൾ വഴിയാധാരമാകും. കേവലം ഒരു പാർട്ടിയെ വിജയിപ്പിക്കാനോ ഒരു മുന്നണിയെ ജയിപ്പിക്കാനോ മറ്റാരെയെങ്കിലും പരാജയപ്പെടുത്താനോ ഉള്ളതല്ല ഈ തെരഞ്ഞെടുപ്പ്. രാജ്യത്തിന്റെ ഭാവി, രാജ്യത്തിൻറെ മതേതര മൂല്യങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കാൻ കഴിയുന്ന ഒരു വിധിയെഴുത്തിലേക്ക് ഉണ്ടായില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതാവും എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്

**വിഷയം**

## ഈ തെരഞ്ഞെടുപ്പിൽ ക്രൈസ്തവർ എങ്ങോട്ട്?

**ഓർക്കുക: ക്രിസ്ത്യൻ ലൈവ് പത്രം ഒരു രാഷ്ട്രിയപാർട്ടിയെയും സപ്പോർട്ട് ചെയ്യുന്നില്ല. എന്നാൽ വിവിധ കാഴ്ചപ്പാടുകളെ സസന്തോഷം സ്വാഗതം ചെയ്യുന്നു**

# ആസൂത്രിത ഗൂഢാലോചനക്കെതിരെ ഇന്ന് ക്രിസ്ത്യാനികളുടെ ഉപവാസ പ്രാർത്ഥന



ബംഗളൂരു: രാജ്യത്തെ ജനാധിപത്യ പ്രസ്ഥാനങ്ങളെയും യൂണിയൻ ഘടനയെയും ദുർബലപ്പെടുത്താനുള്ള ആസൂത്രിത ഗൂഢാലോചനക്ക് എതിരെ ഇന്ന് ക്രിസ്ത്യാനികൾ സഭാ വിഭാഗ വ്യത്യാസമില്ലാതെ ഉപവസിച്ച് പ്രാർത്ഥിക്കും.

കഴിഞ്ഞ ദിവസം ബംഗളൂരുവിൽ നടന്ന സിബിസിഐ യോഗത്തിലാണ് രാജ്യം മുഴുവൻ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദിനമായി ആചരിക്കാൻ ബിഷപ്പ് പീറ്റർ മച്ചാഡോ ആഹ്വാനം ചെയ്തത്. ദേശസ്നേഹികളായ എല്ലാ ക്രൈസ്തവരും ഒന്നു ചേർന്ന് പ്രാർത്ഥിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.


“വിഘടനവാദികൾ ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കുന്നു. ഇതിനായി ഭരണഘടനയെ ദുർബലപ്പെടുത്തുകയാണ്. രാജ്യത്ത് ദീർഘകാലമായി സവിശേഷപ്രവർത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. ഇനി മതേതര സ്വാതന്ത്ര്യത്തിനെ ആസൂത്രിതമായി ഇല്ലാതാക്കും. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ നിഷേധിക്കും. ഇപ്പോൾ തന്നെ നിർബന്ധിത മതപരിവർത്തനമെന്ന വ്യാജാരോപണം ഉന്നയിച്ച് അനാഥാലയങ്ങളിലും വിദ്യാഭ്യാസആരോഗ്യ സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്നവരെ ബോധപൂർവം പീഡിപ്പിക്കുന്നുണ്ട്. ഇതെല്ലാം അവരുടെ ആസൂത്രിതമായ തന്ത്രമാണ്.” പീറ്റർ പറഞ്ഞു.

# ഐ പി സി നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയൻ: വുമൺസ് ഫെല്ലോഷിപ്പ് പ്രവർത്തന ഉദ്ഘാടനം

ന്യൂയോർക്ക് : ഇന്ത്യ പെന്തകോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ റീജിയൻ സോദരി സമാജം പ്രവർത്തന ഉദ് ഘാടനം മാർച്ച് 16 ശനിയാഴ്ച ന്യൂയോർക്ക് ഇന്ത്യ ക്രിസ്ത്യൻ അസംബ്ളി ചർച്ചിൽ നടന്നു. സിസ്റ്റർമാരായ അക്സ പീറ്റേഴ്സൺ , എലിസബത്ത് പ്രയ്സൺ എന്നിവർ മുഖ്യ സന്ദേശം നൽകി. വിമൺസ് ഫെല്ലോഷിപ്പ് പ്രസിഡണ്ട് ഡോ. ഷൈനി സാം 2024 ലെ പ്രവർത്തന പദ്ധതികൾ വിശദീകരിച്ചു. ഐ പി സി ഈസ്റ്റേൺ റീജിയൻ വനിതാ കൂട്ടായ്മയിലെ മുൻകാല ഭാരവാഹികളെ അനുമോദിച്ചു. അവരുടെ കഠിനാദ്ധ്വാനത്തിനും അർപ്പണബോധത്തിനും സർട്ടിഫിക്കറ്റുകൾ നൽകി. വിവിധ സഭകളിൽ നിന്നുള്ള ശുശ്രൂഷകന്മാരും വനിതാ പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
22 MARCH 2024
VOL 03 | ISSUE 081 | 780

# വേൾഡ് ഹാപ്പിനസ് റിപ്പോർട്ടിൽ ഇക്കുറിയും ഫിൻലാൻഡിന് ഒന്നാം സ്ഥാനം; ഇന്ത്യ 126ാമത്




ലണ്ടൻ: ഏറ്റവും സന്തോഷമുള്ള രാജ്യമായി ഫിൻലൻഡ് ഈ വർഷത്തെ വേൾഡ് ഹാപ്പിനസ് റിപ്പോർട്ടിലും സ്ഥാനം പിടിച്ചു. പട്ടികയിലെ 143 രാജ്യങ്ങളിൽ ഇന്ത്യ 126ാം സ്ഥാനത്താണ്. ഏറ്റവും പിന്നിൽ അഫ്ഗാനിസ്ഥാനാണ്.

തുടർച്ചയായ ഏഴാം വർഷമാണ് ഫിൻലാൻഡ് ഒന്നാം സ്ഥാനം നിലനിർത്തുന്നത്. സാമൂഹിക പിന്തുണ, വരുമാനം, ആരോഗ്യം, സ്വാതന്ത്ര്യം, ഔദാര്യം, അഴിമതിയുടെ അഭാവം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് 140ലധികം രാജ്യങ്ങളിലെ സന്തോഷത്തിന്റെ അളവാണ് യുഎൻ സുസ്ഥിര വികസന സൊല്യൂഷൻസ് നെറ്റ്‌വർക്ക്, ഗാലപ്പ്, ഓക്സ്ഫോർഡ് വെൽബീയിംഗ് റിസർച്ച് സെന്റർ എന്നിവർ വാർഷിക റിപ്പോർട്ടിൽ വിലയിരുത്തുന്നത്.

ഇന്ത്യയുടെ എല്ലാ അയൽ രാജ്യങ്ങളും ഉയർന്ന റാങ്കിലാണ്, ചൈന 60, നേപ്പാൾ 93, പാകിസ്ഥാൻ (108), മ്യാൻമർ (118), ശ്രീലങ്ക (128), ബംഗ്ലാദേശ് (129) എന്നിങ്ങനെയാണ്.

നോർഡിക് രാജ്യങ്ങൾ ഉയർന്ന റാങ്കുകളിൽ ആധിപത്യം പുലർത്തുന്നു

ഡെൻമാർക്കും ഐസ്‌ലൻഡും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിലകൊള്ളുന്നു, സ്വീഡൻ നാലാം സ്ഥാനത്താണ്. ശ്രദ്ധേയമായി, കോസ്റ്ററിക്കയും ലിത്വാനിയയും യഥാക്രമം 12, 19 റാങ്കുകൾ നേടി ആദ്യ 20 പട്ടികയിൽ ഇടം നേടി.

ലെബനൻ, ലെസോത്തോ, സിയറ ലിയോൺ, കോംഗോ എന്നിവയാണ് പട്ടികയുടെ ഏറ്റവും താഴെയുള്ള അഫ്ഗാനിസ്ഥാനൊപ്പം ചേരുന്നത്.

30 വയസ്സിന് താഴെയുള്ളവരുടെയും 60 വയസ്സിന് മുകളിലുള്ളവരുടെയും സന്തോഷത്തിന്റെ അളവ്

വിവിധ പ്രായക്കാർക്കിടയിലെ സന്തോഷ പ്രവണതകളെക്കുറിച്ചും റിപ്പോർട്ട് പരിശോധിച്ചു. 30 വയസ്സിന് താഴെയുള്ളവർക്ക് ഏറ്റവും സന്തോഷമുള്ള രാജ്യമായി ലിത്വാനിയ ഉയർന്നു, അതേസമയം ഡെന്മാർക്ക് 60 വയസ്സിനു മുകളിലുള്ളവരുടെ ഒന്നാം സ്ഥാനം അവകാശപ്പെടുന്നു. രസകരമെന്നു പറയട്ടെ, നോർവേ, സ്വീഡൻ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ സന്തോഷത്തിന്റെ ചലനാത്മകതയിൽ വലിയ മാറ്റമുണ്ട്. , യുണൈറ്റഡ് കിംഗ്ഡം, സ്പെയിൻ, പോർച്ചുഗൽ, ഗ്രീസ് എന്നിവിടങ്ങളിൽ വിപരീത പ്രവണത നിരീക്ഷിക്കപ്പെടുന്നു. ഭയാനകമായി, കുട്ടികളുടെ സന്തോഷത്തിൽ, പ്രത്യേകിച്ച് വടക്കേ അമേരിക്കയിലും പടിഞ്ഞാറൻ യൂറോപ്പിലും, ഒരു ഇടിവ് റിപ്പോർട്ട് ഉയർത്തിക്കാട്ടുന്നു. ഓക്സ്ഫോർഡിന്റെ വെൽബീയിംഗ് റിസർച്ച് സെന്റർ ഡയറക്ടർ പ്രൊഫ ജാൻ ഇമ്മാനുവൽ ഡി നെവ്, ഈ പ്രവണതയെ അഭിസംബോധന ചെയ്യാൻ നയപരമായ നടപടിയുടെ അടിയന്തര ആവശ്യകത ഊന്നിപ്പറഞ്ഞു

# ബഹ്റൈൻ ബെതേൽ പെന്തക്കോസ്ത് സഭ വാർഷിക കൺവെൻഷൻ ഏപ്രിൽ 2 മുതൽ

മനാമ : ബഹ്റൈൻ ബെതേൽ പെന്തകോസ്തു ചർച്ചിന്റെ പത്താമത് വാർഷിക കൺവെൻഷൻ ഏപ്രിൽ 2,3,4 തീയതികളിൽ അൻസാർ ഗാലറിക്കു എതിർവശമുള്ള അധാരി പാർക്കിലെ ന്യൂ സീസൺസ് ഹാൾ ഒന്നിൽ വൈകുന്നേരം 7 മുതൽ നടക്കും. പാ. ഷിബു തോമസ് ഒക്ലഹോമ ദൈവവചന ശുശ്രൂഷ നടത്തും. സിസ്റ്റർ പെർസിസ് ജോണും ബെതേൽ വോയിസും സംഗീത ശുശ്രുഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകും. പാ. പ്രയിസ് തോമസ് നേതൃത്വം നൽകും.

# ദോഹ ശാരോൻ ഫെല്ലോഷിപ് ചർച്ചിന്റെ സ്നേഹ സംഗമം

ഖത്തർ : ദോഹ ശാരോൻ ഫെല്ലോഷിപ് ചർച്ച് ഒരുക്കിയ സ്നേഹ സംഗമം, കിടങ്ങന്നൂർ ബാലകൃഷ്ണ കൺവെൻഷൻ സെന്ററിൽ നടന്നു. പൂർവ്വ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഗുണഭോക്ത്താക്കളും പങ്കെടുത്തു. ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഇന്റർനാഷണൽ പ്രസിഡണ്ട് പാസ്റ്റർ ജോൺ തോമസ് മുഖ്യാഥിതിയായിരുന്നു. സുവിശേഷ ജീവകാരുണ്യ പ്രവർത്തനങ്ങളാൽ ശ്രദ്ധേയമായ, 16 വർഷം പിന്നിടുന്ന ഈ സഭയുടെ ശുശ്രുഷകൻ പാസ്റ്റർ സാം തോമസ് സ്നേഹസംഗമത്തിനു നേത്ര്യത്വം വഹിച്ചു.

# അയർലൻഡ് പ്രധാന മന്ത്രി ലിയോ വരദ്കർ രാജി വെച്ചു



അയർലൻഡ് : പ്രധാന മന്ത്രി ലിയോ വരദ്കർ രാജി വെച്ചു. മന്ത്രി സഭ യോഗത്തിനു ശേഷമാണ് രാജി സമർപ്പിച്ചത്. വ്യക്തിപരവും രാഷ്ട്രീയവുമായ കാരണത്താലാണ് രാജിയെന്ന് ലിയോ വരദ്കർ വ്യക്തമാക്കി. പ്രധാനമന്ത്രി പദവി ഒഴിയുന്നതിനൊപ്പം ഫൈൻഗാൽ പാർട്ടി അധ്യക്ഷൻ ചുമതലയും ഒഴിഞ്ഞു. രാജി പ്രഖ്യാപിച്ചെങ്കിലും ഏപ്രിലിൽ നടക്കുന്ന ഫൈൻഗാൽ പാർട്ടിയുടെ വാർഷിക സമ്മേളനത്തിൽ പുതിയ ലീഡറെ തിരഞ്ഞെടുത്തതിന് ശേഷം മാത്രമേ പാർലമെന്റ് പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കൂ. അതുവരെ ലിയോ വരദ്കർ തൽസ്ഥാനത്തു തുടരും. അയർലണ്ടിൽ പ്രധാനമന്ത്രി സ്ഥാനത്തെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു ലിയോ വരദ്കർ .രാജ്യത്തെ ആദ്യ സ്വവർഗാനുരാഗിയായ പ്രധാനമന്ത്രിയാണ് ഇന്ത്യൻ വംശജനായ ലിയോ വരദ്കർ.

# ഛത്തീസ്ഗഢിൽ കുടിവെള്ളം പോലും ക്രിസ്ത്യാനികൾക്ക് നിഷേധിക്കുന്നു

ന്യൂഡൽഹി: മതപരിവർത്തനം നടത്തിയെന്ന് ആരോപിച്ച് കഴിഞ്ഞ 75 ദിവസത്തിനിടെ ക്രിസ്ത്യാനികൾക്കെതിരെ കൊടുത്തിരിക്കുന്നത് 161 കേസുകൾ. ഇതിൽ വിഘടനവാദികൾ ക്രിസ്ത്യാനികളായ കുട്ടികളുടെ ജന്മദിനാഘോഷങ്ങൾ വരെ മതപരിവർത്തന ചടങ്ങുകളാക്കി അധികാരികളുടെ മുമ്പിൽ ചിത്രികരിച്ചിട്ടുണ്ട്.

വ്യാജ കേസുകളിൽ കൂടുതലും ഉത്തർ പ്രദേശിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ഭരണകൂടം സ്പോൺസർ ചെയ്ത പൊലിസ് നടപടികളാണ് അവിടെ അരങ്ങേറുന്നത്.

ഛത്തീസ്ഗഢിൽ കുടിവെള്ളം പോലും ക്രിസ്ത്യാനികൾക്ക് നിഷേധിക്കുന്നു. മതപരമായ മരണാനന്തര ചടങ്ങുകൾ അനുവദിക്കുന്നില്ല. കൂടാതെ ഹിന്ദുമത വിശ്വാസപ്രകാരമുള്ള ചടങ്ങുകൾ നടത്താൻ നിർബന്ധിക്കുകയാണെന്നും യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ റിപ്പോർട്ടിൽ പറയുന്നു.

# ആസ്ട്രേലിയൻ യൂത്ത് ടീം 2024 – 25 ഭാരവാഹികളെ തിരഞ്ഞെടുത്തു

ആസ്ട്രേലിയ : ആസ്ട്രേലിയൻ ഉനിറെദ് പെന്തക്കോസ്തൽ ചർച്ച് 2024- 25 ലേക്കുള്ള യൂത്ത് ടീം ഭാരവാഹികളെ തിരഞ്ഞെടുത്തു. നാഷണൽ കോഓർഡിനേറ്റർ ജീവൻ ഏഴിയത്ത് , അസിസ്റ്റന്റ് നാഷണൽ കോഓർഡിനേറ്റർ ഇവാൻസ് റോയ്, സ്റ്റേറ്റ് കോ ഓർഡിനേറ്റർ ഷാരോൺ റോയ് (മെൽബൺ), ജോർദാൻ റിച്ചാർഡ് (മെൽബൺ), മിക്കില്ലേ ഷിബി സ്റ്റേറ്റ് കോ ഓർഡിനേറ്റർ (ബ്രിസ്ബേൻ), ഗോഡ്വിൻ തോമസ് സ്റ്റേറ്റ് കോ ഓർഡിനേറ്റർ (അഡലൈഡ്), ബെറ്റ്സി ബാബു സ്റ്റേറ്റ് കോ ഓർഡിനേറ്റർ (സിഡ്നി), ഗ്ലാഡ്സൺ ജോർജ് സ്റ്റേറ്റ് കോ ഓർഡിനേറ്റർ

# ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റിടാൻ വിലക്ക്

തിരുവനന്തപുരം : ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റിടാൻ വിലക്ക്! ആരോഗ്യ വകുപ്പ് ഡയറക്ടറാണ് ഇതു സംബന്ധിച്ച ഉത്തരവിറക്കിയത്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റിടുന്നതും ചാനൽ തുടങ്ങുന്നതിനും വിലക്കുണ്ട്. സാമൂഹിക മാധ്യമങ്ങളിൽനിന്ന് വരുമാനം ലഭിക്കാൻ സാധ്യതയുണ്ടെന്നും ഇത് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ഉത്തരവിൽ പറയുന്നു.

സർക്കാർ നടപടിയിൽ എതിർപ്പുമായി ഒരു വിഭാഗം ഡോക്ടർമാർ രംഗത്തുവന്നിട്ടുണ്ട്. പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാകാതെയും ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിക്കാതെയും സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റുകളിടാൻ സർക്കാർ ഉദ്യോഗസ്ഥർ അനുമതി ആവശ്യപ്പെട്ട് അപേക്ഷകൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഉത്തരവ് പുറത്തിറക്കിയത്.



# മിഷനറിമാരുടെ ചതി തിരിച്ചറിയണമെന്ന് മോഹൻ ഭാഗവത്

ന്യൂഡൽഹി: ക്രിസ്ത്യൻ മിഷണറിമാർ പ്രബലവിഭാഗമായി മാറിയെന്നും അവരുടെ ചതി തിരിച്ചറിയണമെന്നും ആർഎസ്എസ് തലവൻ മോഹൻ ഭാഗവത്.

നിസ്സഹായരായവർക്ക് ഭക്ഷണവും മറ്റും നൽകി മതപരിവർത്തനം നടത്തുകയാണെന്നും ചതി തിരിച്ചറിയണമെന്നും മധ്യപ്രദേശിൽ ബുർഹാൻപുർ ജില്ലയിൽ നടന്ന പരിപാടിയിൽ ഭാഗവത് പറഞ്ഞു. തെറ്റിദ്ധാരണ പരത്തി മതത്തെക്കുറിച്ച് സംശയം ജനിപ്പിച്ച് വിശ്വാസത്തെ ദുർബലപ്പെടുത്തുന്നു. ഇങ്ങനെ വിശ്വാസം നഷ്ടപ്പെടുന്നവർ സമൂഹം കൂടെയില്ലെന്ന് തോന്നിയാൽ പരിവർത്തനം ചെയ്യപ്പെട്ടേക്കാം. ഭാരതീയ പാരമ്പര്യത്തിലും വിശ്വാസത്തിലുമുള്ള 'വ്യതിയാനം' നീക്കംചെയ്ത് 'ധർമ'ത്തിന്റെ വേരുകൾ ശക്തിപ്പെടുത്തുകയാണ് പരിഹാരം. നമ്മുടെ വിഭാഗത്തിലുള്ളവർ സ്വന്തം സമുദായത്താൽ അവഗണിക്കപ്പെടുന്നത് മിഷണിമാർ മുതലെടുക്കുകയാണ്. 150 വർഷത്തോളമായി ക്രൈസ്തവവിശ്വാസം മുറുകെപ്പിടിച്ച മധ്യപ്രദേശിലെ ഒരു ഗ്രാമം അപ്പാടെ ആർഎസ്എസിന്റെ കീഴിലുള്ള കല്യാൺ ആശ്രമത്തിന്റെ സഹായത്തോടെ 'സനാ തന ധർമ'ത്തിലേക്ക് മടങ്ങിവന്നത് മിഷണിമാർക്കെതിരെ സമൂഹം ഉറച്ചുനിൽക്കു ന്നതിന്റെ ഉദാഹരണമാണെന്നും ഭാഗവത് പറഞ്ഞു. മിഷണറിമാർ പ്രബലവിഭാഗമായി വളർന്നെന്നും സമൂഹത്തെ ബാധിക്കുന്ന 'രോഗങ്ങളെ ഉന്മൂലനംചെയ്ത് ഐശ്വര്യം തിരികെ പിടിക്കണമെന്നും ജബൽപുരിലെ പരിപാടിയിൽ ഭാഗവത് ആഹ്വാനം ചെയ്തു.

# ചിന്തയിലൂടെ ചെസ്സ് കളിച്ച് ശരീരം തളർന്ന യുവാവ് : മസ്കിന്റെ 'ടെലിപതി' ക്ക് നിർണായക നേട്ടം



അമേരിക്ക : ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള ന്യൂറലിങ്ക് കമ്പനിക്ക് വൻ നേട്ടം. ബ്രെയിൻ ചിപ്പ് ഘടിപ്പിച്ച ഒരാൾ കമ്പ്യൂട്ടർ നിയന്ത്രണത്തിൽ തന്റെ ചിന്തകൾ ഉപയോഗിച്ച് ചെസ്സ് കളിക്കുന്ന വീഡിയോ പുറത്തുവിട്ട് ന്യൂറലിങ്ക്. അപകടത്തെ തുടർന്ന് തോളിൽ നിന്ന് താഴേക്ക് തളർന്ന 29 കാരനായ നോളണ്ട് അർബോ ആണ് ലാപ്ടോപ്പിലൂടെ ന്യൂറോലിങ്ക് ചിപ്പ് ഉപയോഗിച്ച് ചെസ്സ് കളിക്കുന്നത്. സ്ക്രീനിന് ചുറ്റും കഴ്സർ ചലിക്കുന്നത് നിങ്ങൾക്കെല്ലാവർക്കും കാണാൻ കഴിയുമെങ്കിൽ, ഞാൻ മാത്രമാണ് അത് ചെയ്യുന്നത്, തത്സമയ സ്ട്രീമിൽ ഒരു ഡിജിറ്റൽ ചെസ്സ് കരു നീക്കിക്കൊണ്ട് നോളണ്ട് ആർബോ പറഞ്ഞു.

ചിന്തിക്കുമ്പോൾ തന്നെ അതിനനുസരിച്ചു പ്രവർത്തിക്കുന്ന രീതിയിൽ ന്യൂറോൺ വ്യതിയാനങ്ങൾ തിരിച്ചറിഞ്ഞാണ് ചിപ്പ് പ്രവർത്തിക്കുന്നത്. മൃഗങ്ങളുടെ പരിശോധനയ്ക്ക് ശേഷം, കഴിഞ്ഞ വർഷം മേയിൽ മനുഷ്യരിൽ ചിപ്പ് പരീക്ഷിക്കാൻ യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ ന്യൂറലിങ്കിന് അനുമതി നൽകിയിരുന്നു. ടെലിപ്പതി എന്നാണ് തലച്ചോറിനേയും കംപ്യൂട്ടറിനേയും ബന്ധിപ്പിക്കുന്ന ഈ ഉപകരണത്തിന് പേരിട്ടിരിക്കുന്നത്. ന്യൂറലിങ്കിന്റെ ആറ് വർഷം നീളുന്ന 'ടെലിപ്പതി' പദ്ധതിയുടെ ആദ്യഘട്ടമാണ് ഇത്. ന്യൂറലിങ്കിൽ നിന്ന് ബ്രെയിൻ ചിപ്പ് ഘടിപ്പിച്ച ആദ്യത്തെ മനുഷ്യന് മനസുകൊണ്ട് കമ്പ്യൂട്ടർ മൗസ് നിയന്ത്രിക്കാൻ സാധിച്ചതായി ഇലോൺ മസ്ക് നേരത്തെ വെളിപ്പെടുത്തിയിരുന്നു. ചലനശേഷി നഷ്ടപ്പെട്ടവർക്കും ശാരീരിക അവശതകളുള്ളവർക്കും പദ്ധതി സഹായകമാകും. കൈ കൊണ്ട് കംപ്യൂട്ടറും ഫോണും പ്രവർത്തിപ്പിക്കാൻ കഴിയാത്തവർക്കാകും 'ടെലിപ്പതി' യുടെ പ്രയോജനം ആദ്യം ലഭിക്കുകയെന്ന് ന്യൂറലിങ്ക് കമ്പനി ഈ വർഷമാദ്യം വ്യക്തമാക്കിയിരുന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
22 MARCH 2024
VOL 03 | ISSUE 081 | 780

# ദുബായ് സർക്കാരിന് പുതിയ ലോഗോ പ്രകാശനം ചെയ്ത് ഷെയ്ഖ് ഹംദാൻ




ദുബായ്: ദുബായ് സർക്കാറിന് പുതിയ ലോഗോ. ലോഗോ പ്രകാശനം ചെയ്തത് ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ആണ്. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പുതിയ ലോഗോ ആയിരിക്കും വെക്കേണ്ടത്. ലോഗോ മാറ്റം പ്രാബല്യത്തിൽ വരുത്താൽ എല്ലാവരും സഹായിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്..

പുതിയ സർക്കാർ ലോഗോയ്ക്ക് ഒപ്പം ഓരോ വകുപ്പിനും നിലവിലുള്ള അവരുടെ ലോഗോ ഉപയോഗിക്കാം. 6 മാസം സമയം ആണ് അധികൃതർ നൽകിയിരിക്കുന്നത്. എല്ലാ വകുപ്പുകളും പുതിയ ലോഗോയിലേക്ക് അതിന്റെ ഉള്ളിൽ മാറണം എന്നാണ് നൽകിയിരിക്കുന്ന നിർദേശം. കാലം മാറുന്നതിന് അനുരിച്ചാണ് പുതിയ മാറ്റങ്ങൾ ദുബായ് കൊണ്ടുവരുന്നത്. ഭാവിയിൽ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറാൻ ആണ് ദുബായ് ലക്ഷ്യം വെക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തം ദുബായിൽ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സർക്കാർ 4000 കോചി ദിർഹം അനുവദിച്ചു. കൂടാതെ ദുബായിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ വരുമാനത്തിന് അനുസരിച്ച് പാർപ്പിടങ്ങൾ ലഭിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കും. അഫോഡബിൾ ഹൗസിങ് നയത്തിനും സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുന്നതിന് സാൻഡ്ബോക്സ് പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

2033ലെ ദുബായുടെ വികസനം ലക്ഷ്യമാക്കി വലിയ പദ്ധതികൾ ആണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഡി33 സാമ്പത്തിക അജൻഡയ്ക്ക് പിന്തുണ നൽകുന്നതിന് വേണ്ടിയാണ് പാക്കേഡ് പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. സാമ്പത്തിക വകുപ്പിനാണ് പദ്ധതി പ്രഖ്യാപിക്കുന്നതിന് വേണ്ടി നേതൃത്വം വഹിക്കുന്നത്. ഡി33 ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സർക്കാരിന്റെ വിഹിതമായി 70,000 കോടി ദിർഹം ആണ് നൽകുന്നത്. പിന്നീട് സ്വകാര്യ മേഖലയിൽ നിന്നും ഒരു ലക്ഷം കോടി ദിർഹവും വിദേശത്തു നിന്നു നേരിട്ടുള്ള നിക്ഷേപമായി 65000 കോടി ദിർഹവും ആണ് കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതി വേഗത്തിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളെ ഊർജിതമാക്കാൻ യോഗം തീരുമാനിച്ചു.

# ഈസ്റ്റർ ദിനത്തിൽ ബാങ്കുകൾ പ്രവർത്തിക്കും




ന്യൂഡൽഹി : ഈസ്റ്റർ ദിനത്തിൽ രാജ്യത്തെ എല്ലാ ബാങ്കുകളും പ്രവർത്തിക്കണമെന്ന് റിസർവ് ബാങ്ക് നിർദേശം. മാർച്ച് 31, ഞായറാഴ്ച്ചയാകും ബാങ്കുകൾ തുറന്നു പ്രവർത്തിക്കുക. സാമ്പത്തിക വർഷത്തിന്റെ അവസാന ദിനം കണക്കിലെടുത്താണ് നിർദ്ദേശം. കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരമാണ് തീരുമാനമെന്ന് ആർബിഐ അറിയിച്ചു.
മാർച്ച് 25, 26 ദിവസങ്ങളിൽ ഹോളി പ്രമാണിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാങ്കുകൾക്കു അവധിയാണ്. മാർച്ച് 29 ദുഃഖവെള്ളി പ്രമാണിച്ച് ബാങ്കുകൾ അടഞ്ഞുകിടക്കും. മാർച്ച് 30 ശനിയാഴ്ചയാണ്. ഈ അവധികൾ കൂടി കണക്കിലെടുത്താണ് ബാങ്കുകൾക്ക് തുറന്നു പ്രവർത്തിക്കാൻ നിർദേശം നൽകിയിരിക്കുന്നത്. അതേസമയം എല്ലാ ബാങ്കുകളും തുറന്നു പ്രവർത്തിക്കില്ല. സർക്കാർ ഇടപാടുകൾ കൈകാര്യം ചെയ്യുന്ന എല്ലാ ഏജൻസി ബാങ്കുകളും തുറക്കാനാണു നിർദേശം. 2023 24 സാമ്പത്തിക വർഷത്തിൽ തന്നെ രസീതുകളും പേയ്മെന്റുകളും സംബന്ധിച്ച എല്ലാ സർക്കാർ ഇടപാടുകളും പൂർത്തിയാക്കാനാണ് ഇത്തരം പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ബാങ്ക് ശാഖകളും തുറക്കാനാണ് ഉത്തരവ്. അതേസമയം പൊതുജനങ്ങളുടെ ഇടപാടുകൾ പരിമിതമായിരിക്കും

# ബ്ലിങ്കൻ മിഡിൽ ഈസ്റ്റ് പര്യടനം തുടങ്ങി; ആദ്യം സൗദി അറേബ്യയിൽ



ജിദ്ദ: യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കന്റെ മിഡിൽ ഈസ്റ്റ് പര്യടനത്തിന് തുടക്കമായി. ഇസ്രയേലും ഹമാസും തമ്മിൽ ഉടനടി വെടിനിർത്തൽ കരാറിലെത്താനുള്ള ശ്രമങ്ങൾ ചർച്ച ചെയ്യുന്നതിനാണ് സന്ദർശനം. ഇതിന്റെ ഭാഗമായി അദ്ദേഹം ബുധനാഴ്ച സൗദി അറേബ്യയിലെത്തി.

ഇസ്രയേലിനെതിരേ അറബ് ലോകത്ത് രോഷം ശക്തമാണെങ്കിലും സൗദി അറേബ്യയെ ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ കഴിയുമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകൂടം പ്രതീക്ഷിച്ചിരിക്കെയാണ് ബ്ലിങ്കൻ ജിദ്ദയിൽ വിമാനമിറങ്ങിയതെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. പശ്ചിമേഷ്യയിലെ യുഎസിന്റെ ദീർഘകാല ലക്ഷ്യങ്ങളിലൊന്നു കൂടിയാണിത്.

സൗദി അറേബ്യയിൽ നിന്ന് ഇന്ന് വ്യാഴാഴ്ച ഈജിപ്തിലെത്തുന്ന യുഎസ് സ്റ്റേറ്റ് സെക്രട്ടറി വിവിധ രാജ്യങ്ങളുടെ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുമെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. ഹമാസ് തടവിലാക്കിയ ഇസ്രായേലി ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ചും ഗാസയിൽ മാനുഷിക സഹായ വിതരണം വർധിപ്പിക്കുന്നതിനെ കുറിച്ചും ഈജിപ്തിലെ കൂടിക്കാഴ്ചകളിൽ ചർച്ച ചെയ്യും. തുടർന്ന് ഇസ്രായേലിലെത്തി ഭരണാധികാരികളുമായി വിശദാംശങ്ങൾ പങ്കുവയ്ക്കുകയും ചെയ്യും.

റഫയിൽ ഉൾപ്പെടെ ഹമാസിന്റെ പരാജയം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബ്ലിങ്കെൻ ചർച്ച ചെയ്യുമെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കി. സിവിലിയൻ ജനതയെ സംരക്ഷിക്കുകയും മാനുഷിക സഹായം നൽകുന്നതിന് തടസ്സമാകാതിരിക്കുകയും ഇസ്രായേലിന്റെ മൊത്തത്തിലുള്ള സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യങ്ങളോടെയായിരിക്കും കൂടിക്കാഴ്ചകൾ. ഇസ്രായേൽ യുദ്ധം ആരംഭിച്ചതിന് ശേഷം ഈ മേഖലയിലേക്കുള്ള ബ്ലിങ്കന്റെ ആറാമത്തെ യാത്രയാണിത്. ഒക്ടോബർ 7ന് ഇസ്രായേലിൽ കടന്നുകയറി ഹമാസ് നടത്തിയ മിന്നലാക്രമണത്തിന് ശേഷം ഗാസയിൽ ഇസ്രായേൽ വ്യോമാക്രണം തുടങ്ങിയത്. ഇതിനു ശേഷം ഗാസയിൽ മരിച്ചവരുടെ എണ്ണം 31,923 ആയി ഉയർന്നു. മിഡിൽ ഈസ്റ്റിലെ തന്റെ ചർച്ചകളിൽ ഗാസയ്ക്കും വിശാലമായ പ്രദേശത്തിനുമുള്ള യുദ്ധാനന്തര പദ്ധതികൾ ഉൾപ്പെടുമെന്ന് ബ്ലിങ്കെൻ ചൊവ്വാഴ്ച മനിലയിൽ മാധ്യമപ്രവർത്തകരോട് വ്യക്തമാക്കിയിരുന്നു. ശാശ്വതമായ പ്രാദേശിക സമാധാനത്തിനുള്ള ശരിയായ വഴികൾ താൻ അഭിസംബോധന ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഇസ്രായേലിനെ സൗദി അംഗീകരിക്കുന്നതിന്റെ ഭാഗമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നത് സംബന്ധിച്ച സംയുക്ത ഉടമ്പടിയുടെ ഇടനിലക്കാരനായി അമേരിക്ക എത്തുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണിതെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ വിശേഷിപ്പിച്ചു.

സൗദി അറേബ്യയുമായി ആദ്യമായി ഔപചാരിക നയതന്ത്ര ബന്ധം സ്ഥാപിക്കുന്നതിന് പകരമായി ഇസ്രായേൽ പലസ്തീനുകൾക്ക് ഇളവുകൾ നൽകണമെന്ന് കരാർ ആവശ്യപ്പെടും. ഇതോടൊപ്പം സൗദിയിൽ സിവിൽ ആണവ പദ്ധതി രൂപീകരിക്കുന്നതിന് യുഎസും ഇസ്രായേലും പിന്തുണക്കണമെന്നും യുഎസിന്റെ വലിയ സൈനിക പിന്തുണ വേണമെന്നും സൗദി ആഗ്രഹിക്കുന്നതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. ഈ വർഷമാദ്യം, സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാനും യുഎസ് പ്രസിഡന്റ് ബൈഡനും ഇക്കാര്യത്തിൽ ഏറെ മുന്നോട്ടുപോയതായും വെളിപ്പെടുത്തി. ഫലസ്തീൻ രാഷ്ട്രം രൂപീകരിക്കുന്നതിന് മുമ്പ് ഇസ്രായേലുമായി നയതന്ത്ര ബന്ധം സ്ഥാപിക്കാൻ കഴിയില്ലെന്നതാണ് സൗദി അറേബ്യ ഉൾപ്പെടെയുള്ള അറബ് ഗവൺമെന്റുകളുടെ പ്രഖ്യാപിത നിലപാട്.

ലേഖനം

# കാക്കപോലെ കറുത്തവർ പടിക്ക് പുറത്ത്



സിസ്റ്റർ സിഞ്ചു മാത്യു
നിലമ്പൂർ

ഭാരതീയ സംസ്കാരം എന്തു കൊണ്ടും ലോകത്തിലെ ഏത് രാജ്യങ്ങൾക്കും മാതൃകയാക്കാവുന്നതാണ്, എന്നാൽ ഇന്റെർനെറ്റ് യുഗത്തിലും നിറത്തിന്റെ അടിസ്ഥാനത്തിൽ കുഷ്ഠം നിറഞ്ഞ ഹൃദയം നിറഞ്ഞവർ നമുക്ക് ചുറ്റും ഉണ്ട് എന്നത് വാസ്തവമാണ്. കുലത്തിന്റെയും, ജാതിയുടെയും, വർഗ്ഗത്തിന്റെയും, വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇന്നും വിവേചനം നടക്കുന്നു എന്നത് യാഥാർത്ഥ്യമായ കാര്യമാണ്. ‘‘കാക്ക പോലെ കറുത്തവൻ’’ എന്ന് നമ്മുടെ ഒരു സഹോദരനെ അഭിസംബോധന ചെയ്തത് മറ്റാരുമല്ല വിദ്യാഭ്യാസവും അറിവും ഉള്ള ഒരു സഹോദരി ആക്ഷേപിച്ചത് വളരെ വ്യസനപരമായ കാര്യമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലെ ഒരു സഹോദരി കല കൊണ്ടും,വിദ്യകൊണ്ടും മുന്നിൽ നിൽക്കുന്നവർ തന്നെ ഒരു പുരുഷനെ പരസ്യമായി മാധ്യമങ്ങളുടെ മുന്നിൽ ആക്ഷേപിച്ചത് വേദനാജനകമായ കാര്യമാണ്. ഈ ഭൂമിയിൽ കറുത്തവനെന്നോ, വെളുത്തവനെന്നോ, കുചേലൻ എന്നോ, കുബേരൻ എന്നോ വേർതിരിവില്ലാതെ എല്ലാ മനുഷ്യരെയും ഒറ്റ കണ്ണിൽ കാണാൻ മലയാളി വളർന്നിട്ടില്ല എന്നത് വീണ്ടും തെളിവായി വന്ന വസ്തുതയാണ്. ടീച്ചറുടെ മക്കൾ ടീച്ചറും, ഡോക്ടറുടെ മക്കൾ ഡോക്ടറും, വക്കീലിന്റെ മക്കൾ വക്കീലും എന്ന പാരമ്പര്യം ഈ ആധുനിക യുഗത്തിൽ മാറ്റം വന്നു എന്നത് സത്യമാണ്. തെങ്ങ് കയറ്റക്കാരന്റെ  മക്കൾ ഡോക്ടർ ആയി ചുമട്ടുതൊഴിലാളികളുടെ മക്കൾ പൈലറ്റായി, എങ്കിൽ കലയുടെ ഭാഗത്തും മാറ്റം വന്ന് തുടങ്ങി ഉന്നതർക്ക് മാത്രമല്ല പാട്ടും, ഡാൻസും, വെളുത്തവന് മാത്രമല്ല ഉന്നത പദവികൾ, കറുത്തവനെന്നോ, വെളുത്തവനെന്നോ നോക്കാതെ കലയിൽ കഴിവുള്ള ഏത് മനുഷ്യനും  നാല് ഭിത്തിയിൽ ഒതുങ്ങാതെ സമൂഹത്തിലേക്ക് ഇറങ്ങാവുന്നതാണ്.

ഈ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഉന്നത സ്ഥാനത്ത് ഇരിക്കുന്നവർ താഴേക്കിടയിൽ നിന്ന് വന്നവരാണ്. മനുഷ്യ ഹൃദയത്തിലെ വിവേചനം മാറ്റി ഒറ്റക്കെട്ടായി ഒന്നിന്റെ പേരിലും ആരേയും മാറ്റി നിർത്താതെ ചേർത്ത് നിർത്താൻ നമുക്ക് പരിശ്രമിക്കാം.

# ഉപവാസ പ്രാർത്ഥനയും ബൈബിൾ പഠനവും

അബുദാബി : ഐ പി സി കാർമൽ അബുദാബി 10 ദിവസത്തെ ഉപവാസ പ്രാർത്ഥനയും ബൈബിൾ പഠനവും മാർച്ച് 19  മുതൽ 25  വരെ നടത്തപ്പെടുന്നു. പഠനവിഷയം അന്ധ്യകാല സംഭവങ്ങൾ തിരുവചന വെളിച്ചത്തിൽ ആധികാരികമായി പാസ്റ്റർ. തോമസ് മാമ്മൻ ദൈവവചനത്തിൽ നിന്ന് സംസാരിക്കുന്നു. കാർമൽ വോയിസ്ന്റെ നേതൃത്വത്തിൽ ഗാനശുശ്രുഷയും നടത്തപ്പെടും . എല്ലാദിവസവും വൈകിട്ട് 8 മുതൽ 9:30 വരെ Zoom മിൽ ഉണ്ടായിരിക്കുന്നതാണ്. ഈ അനുഗ്രഹീത ദൈവവചന പഠനത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്
Pr. M.M. Thomas
+971 503133826

ZOOM ID5503133826
PASSWORD : CIPC

# അസ്സംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് യു.എ.ഇ. സെക്ഷന് പുതിയ ഭാരവാഹികൾ



പാസ്റ്റർ സിജു സ്കറിയ



പാസ്റ്റർ എബ്രഹാം ജോൺ



പാസ്റ്റർ ജോജി ജോർജ്



പാസ്റ്റർ റെജി  സാം



പാസ്റ്റർ റെജി  മാത്യു

സൗത്ത് ഇന്ത്യ  അസ്സംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട്  കൗൺസിൽ യു.എ.ഇ.സെക്ഷൻ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസ്ബിറ്റർ പാസ്റ്റർ സിജു സ്കറിയ, (അബുദാബി). സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോൺ (ഷാർജ), ട്രഷറർ പാസ്റ്റർ ജോജി ജോർജ് (അബുദാബി), കമ്മറ്റി അംഗങ്ങൾ പാസ്റ്റർ റെജി  സാം (ഷാർജ), പാസ്റ്റർ റെജി  മാത്യു (ഷാർജ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

ഷാർജാ സിറ്റി ഏ .ജി  യുടെ ശുശ്രൂഷകനും ദീർഘകാലം യു.എ.ഇ.  സെക്ഷൻ പ്രസ്ബിറ്ററായും സേവനം അനുഷ്ടിച്ച ശേഷം നാട്ടിലേക്ക് മടങ്ങുന്ന പാസ്റ്റർ പി. എം രാജുവിനു പ്രസ്തുത മീറ്റിങ്ങിൽ  യാത്രയയപ്പും നൽകുകയുണ്ടായി.

2011 മുതൽ രാജ്യത്തിൻറെ  വിവിധ ഇടങ്ങളിൽ സെക്ഷന്റെ പ്രവർത്തനങ്ങൾ ദൈവ കൃപയാൽ നടന്നു വരുന്നു.




SUPER BIBLE QUIZ

80



തയ്യാറാക്കിയത്:
സിസ്റ്റർ ദീപ്തി മന്മഥൻ

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: സദൃശ്യവാക്യം 4 - 6**

1. സകല സമ്പാദ്യത്താലും സമ്പാദിക്കേണ്ടതെന്താണ്.?
2. ആരുടെ വഴിയിൽ നടക്കരുത്.?
3. യഹോവയുടെ വചനങ്ങളെ കേട്ട് കൈക്കൊള്ളുന്നവന് എന്തുണ്ടാകും.?
4. യഹോവ തൂക്കിനോക്കുന്നതെന്തു.?
5. വിലയേറിയ ജീവനെ വേട്ടയാടുന്നതാര്.?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ബുദ്ധിഹീനരുടെ. (1:32)
2. പരിജ്ഞാനം. (2:10)
3. ഭോഷന്മാരുടെ. (3:35)
4. ജ്ഞാനികൾ. (3:35)
5. പരിഹസിക്കുന്നു. (3:34)







CHRISTIAN LIVE DAILY

22 MARCH 2024
VOL 03
ISSUE 081 | 780

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

